


# Ego Eimi - ഞാൻ ഞാൻ തന്നെ

പുറ. 3: 9–16, പ്രഭാ. 18: 1–14, വെളി. 1: 4–8, യോഹ. 8: 21–30

ബ്ര. ജോസഫ് ചെറുപുഷ്പം

Vol. 12, Issue: 33

**ദി**വ്യകാരുണ്യ ഈശോയിൽ സ്നേഹം നിറഞ്ഞ സഹോദരരേ,

വീണ്ടെടുപ്പിന്റെ ചരിത്രം അറിയണമെങ്കിൽ നാം കുരിശിലേക്കു നോക്കണം. അനുസരണക്കേടു മൂലം അടയ്ക്കപ്പെട്ട പറുദീസായുടെ വാതിൽ തുറന്നു തരാൻ മനുഷ്യനായി അവതരിച്ച് സ്വയം വെളിപ്പെടുത്തിയ ദൈവത്തിന്റെ രക്ഷാകരപദ്ധതിയെ പ്രത്യേകമാംവിധം ധ്യാനിക്കുന്ന ദനഹാക്കാലത്തിന്റെ രണ്ടാം ആഴ്ചയിലേക്ക് നാം പ്രവേശിക്കുമ്പോൾ ദൈവികവെളിപാടിന്റെ ആഴമറിയാൻ കുരിശിന്റെ രഹസ്യം ധ്യാനിക്കണമെന്ന് വി. യോഹന്നാന്റെ സുവിശേഷം നമ്മെ ഓർമ്മപ്പെടുത്തുന്നു. ദനഹാക്കാലം ദൈവിക വെളിപാടുകളുടെ കാലമാണ്. ദൈവം സ്വയം വെളിപ്പെടുത്തിയതിന്റെ ലിഖിതരൂപമാണ് വിശുദ്ധ ഗ്രന്ഥം. ഉൽപത്തി മുതൽ വെളിപാട് പുസ്തകം വരെ ദൈവം മനുഷ്യചരിത്രത്തിൽ നടത്തിയ രക്ഷാകരമായ ഇടപെടലുകൾ നാം കാണുന്നു.

അടിമത്വത്തിന്റെ നാട്ടിൽ നിന്നുള്ള ഇസ്രായേൽ ജനത്തിന്റെ നിലവിളിക്ക് ഉത്തരമായി മോശയെ തിരഞ്ഞെടുക്കുന്ന ദൈവം സ്വയം വെളിപ്പെടുത്തുന്നത് ഇന്നത്തെ ആദ്യവായനയിൽ നാം ശ്രവിച്ചു. ദൈവം ദൗത്യം ഏൽപ്പിക്കുമ്പോൾ ഒഴികഴിവുകൾ പറഞ്ഞ് തന്റെ ദൗത്യത്തിൽ നിന്ന് പിന്മാറാൻ ശ്രമിച്ച മോശയെ ശക്തിപ്പെടുത്താനായി ദൈവം തന്റെ നാമം വെളിപ്പെടുത്തി. ‘‘ഞാൻ ഞാൻ തന്നെ.’’ ഇസ്രായേലിനെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കാൻ ശക്തിയുള്ള ദൈവത്തിന്റെ വെളിപ്പെടുത്തൽ. പിന്നീടങ്ങോട്ട് ഇസ്രായേൽ ജനതയുടെ ചരിത്രത്തിലുടനീളം തന്റെ നാമത്തിന്റെ ശക്തി പ്രവർത്തികളിലൂടെ വെളിപ്പെടുത്തുന്ന ദൈവത്തെ നാം കാണുന്നു. ദൈവത്തിന്റെ ഈ വെളിപ്പെടുത്തപ്പെട്ട നാമം അവിടുത്തെ ശക്തിയുടെ, സാന്നിധ്യത്തിന്റെ, വിശ്വസ്തതയുടെ പ്രതീകമായി ഇസ്രായേൽ ജനതയുടെ ഹൃദയത്തിൽ എന്നും കാത്തുസൂക്ഷിച്ചിരുന്നു.

മോശക്ക് വെളിപ്പെടുത്തിയ ദൈവം പുതിയ നിയമത്തിൽ ഈശോയിലൂടെ അതേ നാമത്തിന്റെ വെളിപ്പെടുത്തൽ നൽകുന്നതായി ഇന്നത്തെ സുവിശേഷഭാഗത്ത് നാം കേട്ടു. യേശുവും അവിശ്വാസികളായ യഹൂദരും തമ്മിലുള്ള വിവാദപരമായ ചർച്ചയാണ് ഇവിടെ നടക്കുന്നത്. ''നിങ്ങൾ നിങ്ങളുടെ പാപത്തിൽ തന്നെ മരിക്കും.'' പാപത്തിൽ മരിക്കും എന്ന കാര്യത്തെക്കുറിച്ച് മൂന്നു പ്രാവശ്യമാണ് ഇന്നത്തെ വായനയിൽ ഈശോ പറയുന്നത്. സുവിശേഷകനായ യോഹന്നാന്റെ വീക്ഷണത്തിൽ, പാപം അന്ധകാരത്തിൽ നടക്കുന്നതാണ്, അത് അവിശ്വാസമാണ്. തന്നെ ശ്രവിച്ചു കൊണ്ടിരുന്ന യഹൂദരെ വിശ്വാസത്തിലേക്ക് ആനയിക്കാനാണ് ഈശോ പഴയനിയമത്തിലെ അതേ നാമം ആവർത്തിക്കുന്നത്. ''ഞാൻ ഞാൻ തന്നെ'' - (ego eimi). ആയിരിക്കുന്നവൻ ഞാനാണ്. പിതാവും പുത്രനും തമ്മിലെ ഐക്യത്തെയാണിവിടെ നാം ദർശിക്കുന്നത്. ആരംഭം മുതൽ വെളിപ്പെടുത്തപ്പെട്ട ദൈവീകരഹസ്യത്തിന്റെ മാംസം ധരിച്ച രൂപമാണ് ഈശോ എന്ന് മനസ്സിലാക്കാൻ അവിശ്വാസം മൂലം യഹൂദർക്ക് സാധിച്ചില്ല. ഈജിപ്തിലെ അടിമത്വത്തിൽ നിന്ന് രക്ഷിച്ച ദൈവം തന്നെ പാപത്തിന്റെ അടിമത്വത്തിൽ നിന്ന് നമ്മെ സ്വതന്ത്രമാക്കാൻ ഇറങ്ങിവന്നിരിക്കുന്നു. ദൈവം നൽകുന്ന ഈ സ്വാതന്ത്ര്യം സ്വന്തമാക്കാൻ നാം വെളിപാടുകളുടെ പൂർത്തീകരണമായ ക്രിസ്തുവിൽ ആഴമായി വിശ്വസിക്കണമെന്ന് ഇന്നത്തെ തിരുവചനം നമ്മോട് ആഹ്വാനം ചെയ്യുന്നു.

അതിനാലാണ് തുടർന്നുവരുന്ന വാക്യങ്ങളിൽ ഈശോ പറയുന്നത് ''നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ, ഞാൻ ഞാൻ തന്നെ എന്നും ഞാൻ സ്വമേധയാ ഒന്നും പ്രവർത്തിക്കുന്നില്ല, പ്രത്യുത, എന്റെ പിതാവ് എന്നെ പഠിപ്പിച്ചതു പോലെ ഇക്കാര്യങ്ങൾ ഞാൻ സംസാരിക്കുന്നു എന്നും നിങ്ങൾ മനസ്സിലാക്കും. എന്നെ അയച്ചവൻ എന്നോടു കൂടെയുണ്ട്. ദൈവം നമ്മെ വീണ്ടെടുക്കുന്നു. വീണ്ടെടുപ്പിന്റെ ചരിത്രം അറിയണമെങ്കിൽ നാം കുരിശിലേ ക്കു നോക്കണം. കുരിശിൽ ഉയർത്തപ്പെട്ടയാൾ നമ്മെ രക്ഷിക്കാനായി സ്വയം ശൂന്യനാക്കി നമ്മുടെ പാപങ്ങൾ ഏറ്റെടുത്തു. പാപം നമ്മിൽ അവശേഷിപ്പിച്ച മുറിവുകൾ സുഖപ്പെടുത്തുന്നത് കർത്താവിന്റെ തിരുമുറിവുകളാണ്. കുരിശ് ഒരു രഹസ്യമാണ്, സ്വയം ശൂന്യമായ ദൈവസ്നേഹത്തിന്റെ രഹസ്യം, ഉയർത്തപ്പെട്ട അവന്റെ മുറിവുകളിലേക്ക് നമ്മെത്തന്നെ എടുത്തുവയ്ക്കുമ്പോൾ വിശ്വാസത്താൽ മുറിവുകളിൽ തൊടുമ്പോൾ നമ്മുടെ പാപത്തിന്റെ മുറിവുകൾ  സുഖപ്പെടുന്നു.

നാം അർപ്പിച്ചുകൊണ്ടിരിക്കുന്ന ഈ വിശുദ്ധ കുർബാന പാപമോചനത്തിന്റെയും വീണ്ടെടുപ്പിന്റെയും കൂദാശയാണ്. സ്വയം മുറിച്ചു വിളമ്പുന്ന ദൈവത്തിൽ ആഴമായി വിശ്വസിച്ചുകൊണ്ട് മോശയെപ്പോലെ നമ്മുടെ കുറവുകൾ നാം ദൈവത്തോട് ഏറ്റുപറയുമ്പോൾ ദിവ്യകാരുണ്യ ഈശോ നമ്മെ ശക്തിപ്പെടുത്തുന്നു. ദൈവസാന്നിധ്യത്തിന്റെ, ശക്തിയുടെ, വിശ്വസ്തതയുടെ അടയാളമാണ് ദിവ്യകാരുണ്യം. ഈ ബലിയർപ്പണത്തിലൂടെ നമുക്ക് ശക്തി പ്രാപിക്കാം. പാപങ്ങളിൽ നിന്ന് വിട്ടുനിൽക്കാം.

ഇന്നത്തെ രണ്ടാം വായനയായ പ്രഭാഷകന്റെ പുസ്തകം 18:10-ൽ നാം ശ്രവിച്ചതു പോലെ ''നിത്യതയോട് തുലനം ചെയ്യുമ്പോൾ ഈ ഏതാനും വത്സരങ്ങൾ സമുദ്രത്തിൽ ഒരു തുള്ളി വെള്ളം പോലെയും ഒരു മണൽത്തരി പോലെയും മാത്രം.'' വിശുദ്ധ കുരിശിൽ അഭയം പ്രാപിച്ചുകൊണ്ട് നമുക്കും ആഴമായ വിശ്വാസത്തോടെ ജീവിക്കാൻ കൃപ തരണമേ എന്ന് ഈ വിശുദ്ധ ബലിയിൽ പ്രാർത്ഥിക്കാം. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ...